"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - വിവരപൊതുജന സമ്പർക്ക വകുപ്പിലെ അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം /സ്ഥലംമാറ്റം / നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (സ്പെഷ്യൽ -ഇ) വകുപ്പ്

G.O.(Rt)No.3325/2024/GAD തീയതി,തിരുവനന്തപുരം, 26-07-2024

---

പരാമർശം:- 29.04.2024. - ലെ സ.ഉ.(അ)നം. 14/2024/പൊഭവ നമ്പർ വിജ്ഞാപനം.

**<u>ഉത്തരവ്</u>**

വിവര പൊതുജന സമ്പർക്ക വകുപ്പിലെ 2024 വർഷത്തെ സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ഡയറക്ടർ / ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിലേയ്ക്ക് ചുവടെപ്പറയും പ്രകാരം സ്ഥാനക്കയറ്റം / സ്ഥലംമാറ്റം നൽകി ഉടൻ പ്രാബല്യത്തിൽ നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>I) അഡീഷണൽ ഡയറക്ടർ (118100-163400 രൂപ ശമ്പള ശമ്പള സ്കെയിൽ) സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം/നിയമനം</u>**

2024 - ലെ സെലക്ട് ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയർ ആയ ഡെപ്യൂട്ടി ഡയറക്ടറും നിലവിൽ ബാലാവകാശ കമ്മീഷനിൽ പബ്ലിക് റിലേഷൻസ് ഓഫീസറുമായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ. പി. ശ്യാംകുമാർ (പെൻ : 192719) - ന്, അഡീഷണൽ ഡയറക്ടറായിരുന്ന ശ്രീ. കെ. അബ്ദുൽ റഷീദ് സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ അഡീഷണൽ ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീ. പി. ശ്യാംകുമാർ-ന് ബാലാവകാശ കമ്മീഷൻ പബ്ലിക് റിലേഷൻസ് ഓഫീസർ (പി.ആർ.ഒ) ആയി തുടരാൻ അനുവദിക്കുന്നു.

**<u>II) ഡെപ്യൂട്ടി ഡയറക്ടർ (107800-160000 രൂപ ശമ്പള സ്കെയിൽ) സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം/നിയമനം</u>**

1. 2024 - ലെ സെലക്ട് ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയറും ബഹു. നിയമവും വ്യവസായവും വകുപ്പ് മന്ത്രിയുടെ ഓഫീസിൽ അസിസ്റ്റൻറ് പ്രൈവറ്റ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു വരുന്നതുമായ ഇൻഫർമേഷൻ ഓഫീസർ ശ്രീ. സേതുരാജ് ബി. (പെൻ : 670742)- ക്ക്, ശ്രീ. ടി. സി. ചന്ദ്രഹാസൻ സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന്, ശ്രീ. സേതുരാജ് ബി. - യെ ബഹു. നിയമവും വ്യവസായവും വകുപ്പ് മന്ത്രിയുടെ ഓഫീസിൽ അസിസ്റ്റൻറ് പ്രൈവറ്റ് സെക്രട്ടറിയായി തുടരാൻ അനുവദിക്കുന്നു.

2. വനിതാ കമ്മീഷനിൽ പബ്ലിക് റിലേഷൻസ് ഓഫീസർ ആയി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ. മണിലാൽ സി. (പെൻ : 660767)- ക്ക്, ശ്രീ. അനിൽ കുമാർ ബി. റ്റി സർവീസിൽ നിന്നും വിരമിച്ചതിനെത്തുടർന്നുണ്ടായ ഒഴിവിൽ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീ. മണിലാൽ. സി - യെ ഡെപ്യൂട്ടി ഡയറക്ടറായ ഡോ. എച്ച് കൃഷ്ണകുമാറിനെ സ്ഥലം മാറ്റുന്ന ഒഴിവിൽ നോർക്ക പബ്ലിക് റിലേഷൻസ് ഓഫീസർ ആയി നിയമിക്കുന്നു.

3. കണ്ണൂർ ജില്ലാ ഇൻഫർമേഷൻ ഓഫിസറായി പ്രവർത്തിച്ചുവരുന്ന ശ്രീ. പത്മനാഭൻ ഇ. കെ (പെൻ : 664856)- യെ, ശ്രീ. പി. ശ്യാംകുമാർ - ന് സ്ഥാനക്കയറ്റം നൽകുന്നതു വഴി ഉണ്ടാകുന്ന ഒഴിവിൽ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെത്തുടർന്ന് ശ്രീ. പത്മനാഭൻ - സി - യെ ശ്രീ. നിജാസ് ജുവൽ എ എ - യെ സ്ഥലംമാറ്റുന്ന ഒഴിവിൽ കണ്ണൂർ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ആയി നിയമിക്കുന്നു.

<u>സ്ഥലംമാറ്റം</u>

1. സ്ഥലംമാറ്റുന്ന ഡെപ്യൂട്ടി ഡയറക്ടർ ഡോ. എച്ച് കൃഷ്ണകുമാർ (പെൻ : 409074) - നെ കൊല്ലം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറായി നിയമിക്കുന്നു.

2. സ്ഥലംമാറ്റുന്ന ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. നിജാസ് ജുവൽ എ എ (പെൻ : 667055) - യെ എറണാകുളം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ആയി നിയമിക്കുന്നു.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആർ.റ്റി.സി പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പിൽ ഹാജരാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Sudha B

JOINT SECRETARY

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (വിവര പൊതുജന സമ്പർക്ക വകുപ്പ് മുഖാന്തിരം)

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

സെക്രട്ടറി, ബാലാവകാശ കമ്മീഷൻ, തിരുവനന്തപുരം

സെക്രട്ടറി, വനിതാ കമ്മീഷൻ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക, തിരുവനന്തപുരം

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, കണ്ണൂർ

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, കൊല്ലം

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം /എറണാകുളം / കൊല്ലം

സബ്ട്രഷറി ഓഫീസർ, സെക്രട്ടേറിയേറ്റ് സബ് ട്രഷറി, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. നിയമവും വ്യവസായവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്